"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - അപൂർവ്വ രോഗം ബാധിച്ച്, വെന്റിലേറ്ററിന്റെ സഹായത്തോടെ ജീവൻ നിലനിർത്തി വരുന്ന ശ്രീ. ലിജോ യ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

സ.ഉ.(കൈ) നം.177/2022/RD തീയതി,തിരുവനന്തപുരം, 30-06-2022

പരാമർശം:- തിരുവനന്തപുരം ജില്ലാകളകടറുടെ 08.03.2022,07.06.2022 എന്നീ തീയതികളിലെ എ5-ഇ 316646/21 നമ്പർ കത്തുകൾ .

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ, പാറശാല വില്ലേജിൽ, നെടുവൻവിള മച്ചിങ്ങാത്തോട്ടം ബഥേൽ ഭവനിൽ അപൂർവ്വ രോഗം ബാധിച്ച് വെന്റിലേറ്ററിന്റെയും വിവിധ യന്ത്രങ്ങളുടെയും സഹായത്തോടുകൂടി കഴിഞ്ഞ 14 വർഷമായി ജീവൻ നിലനിർത്തി വരുന്ന ശ്രീ ലിജോ, സഹോദരൻ ശ്രീ വിപിന്റെ സംരക്ഷണയിലാണ് കഴിഞ്ഞു വരുന്നത്. ടിയാന്റെ മാതാപിതാക്കൾ മരണപ്പെട്ടു പോയിട്ടുള്ളതും സഹോദരിമാർ മാനസിക രോഗികളുമാണ്. സഹോദരൻ ശ്രീ വിപിൻ കരൾ രോഗബാധിതനായതിനാൽ ജോലിക്കു പോകുവാണോ കുടുംബത്തിന്റെ ചെലവിനാവശ്യമായ തുക കണ്ടെത്താനോ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും ലിജോയുടെ ചികിത്സയ്ക്കായി പ്രതിമാസം 25, 000 ആവശ്യമുള്ളതായി വരുന്നു എന്നും ജില്ല കലക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു .അപൂർവ്വരോഗം ബാധിച്ചു വെന്റിലേറ്ററിന്റെ സഹായത്തോടെ കഴിഞ്ഞ 14 വർഷമായി ജീവൻ നിലനിർത്തിവരുന്ന ശ്രീ ലിജോയുടെ അതീവ ദയനീയസ്ഥിതി ഒരു പ്രത്യേക കേസായി പരിഗണിച്ചു ടിയാന് **മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3,00,000/-- രൂപ ( മൂന്ന് ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിന് ആവശ്യമായി വരുന്ന **3,00,000/-- രൂപ ( മൂന്ന് ലക്ഷം രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്. ജില്ലാ കളക്ടർ പ്രസ്തുത തുക താമസം വിനാ വിതരണം നടത്തി വിവരം സർക്കാരിൽ അറിയിക്കേണ്ടതാണ്.

4.ഒരു വർഷത്തിനു ശേഷം തുടർ പരിഗണനക്കായി ഈ കേസിൽ പ്രപ്പോസൽ സമർപ്പിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ , തിരുവനന്തപുരം .

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

പൊതുഭരണ ( എസ്സ് .സി) വകുപ്പ് ( 29.06.2022 - ലെ ഇനം നം.878 പ്രകാരം)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Misha C P**
**Date: 01-07-2022 10:34:18**
സെക്ഷൻ ഓഫീസർ